# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.56/PR/PIC/PHQ/17                                                                 Date : 18.03.2017

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല ക്യാമ്പിന് തുടക്കമായി

കേരള പോലീസ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല ക്യാമ്പിന് പ്രൗഢഗംഭീര തുടക്കം. തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ കേരള ഗവർണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവം ഭദ്രദീപം കൊളുത്തി സംഗമം ഉദ്ഘാടനം ചെയ്തു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കും മറ്റ് രാജ്യങ്ങൾക്കുതന്നെയും മാതൃകയായിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയെന്നും ഇന്ന് സമൂഹത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്ക് അറുതിവരുത്താൻ കേഡറ്റുകൾക്ക് ഒരുപാട് കാര്യങ്ങൾ സമൂഹത്തിനുവേണ്ടി ചെയ്യാൻ കഴിയുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഒരു രാജ്യത്തെ പൗരൻ അനുവർത്തിക്കേണ്ട മൗലിക കർത്തവ്യങ്ങളെക്കുറിച്ച് കേഡറ്റുകൾക്ക് അദ്ദേഹം വിശദീകരിച്ചുകൊടുത്തു.

മാതൃകാ പദ്ധതിയെന്ന നിലയിൽ ദേശീയ തലത്തിൽ അംഗീകാരം നേടിയ എസ്.പി.സി. പദ്ധതിയുടെ ഏറ്റവും പ്രധാന പരിപാടിയാണ് എസ്.പി.സി. സംഗമം. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഈ വർഷം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചിരിക്കുകയാണ്. എസ്.പി.സി.യുടെ അൻപതിനായിരത്തോളം കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത അറുനൂറോളം പേരാണ് ഈ സംഗത്തിൽ പങ്കെടുക്കുന്നത്.

കെ.മുരളീധരൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്വാഗതവും സൗത്ത്സോൺ എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ കൃതജ്ഞതയും പറഞ്ഞു. കൊച്ചി റേഞ്ച് ഐ.ജി. പി.വിജയൻ, സിറ്റി പോലീസ് കമ്മീഷണർ ജി.സ്പർജൻകുമാർ, പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ പി.പ്രകാശ് എന്നിവർ പങ്കെടുത്തു.

മുഖ്യമന്ത്രി, മന്ത്രിമാർ, ജനപ്രതിനിധികൾ, മുതിർന്ന ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, സാമൂഹികപ്രവർത്തകർ, ചലച്ചിത്ര-സാഹിത്യ-കായിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

*******